REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 18-04-2026** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- വാൽപ്പാറ ദുരന്തത്തിൽ മരിച്ച ഒമ്പത് പേരുടെയും ശരീരങ്ങൾ പോസ്റ്റുമോർട്ടത്തിനു ശേഷം ബന്ധുക്കൾക്ക് കൈമാറി.
- ഉപരാഷ്ട്രപതി CP രാധാകൃഷ്ണനും, പ്രധാനമന്ത്രി നരേന്ദ്രമോദിയും, മുഖ്യമന്ത്രി പിണറായി വിജയനും അപകടത്തിൽ ദുഃഖവും വേദനയും അറിയിച്ചു.
- ലോക്സഭയിലും, നിയമസഭകളിലും മൂന്നിലൊന്ന് വനിതാസംവരണം ഉറപ്പാക്കാൻ കൊണ്ടുവന്ന ഭരണഘടനാ ഭേദഗതി ബിൽ ലോക്സഭയിൽ പരാജയപ്പെട്ടു.
- ഹോർമുസ് കടലിടുക്ക് വഴി കപ്പൽ ഗതാഗതം സുഗമമാക്കുന്നതിന് UKയ്ക്കും, ഫ്രാൻസിനുമൊപ്പം സഹകരിക്കാൻ ഇന്ത്യയെ ക്ഷണിച്ചതായി വിദേശകാര്യ മന്ത്രാലയം.
- ISL ഫുട്ബോളിൽ ഇന്ന് കേരളാ ബ്ലാസ്റ്റേഴ്സ് FC ജംഷഡ്പൂർ FC യെ നേരിടും.

## വാർത്തകൾ വിശദമായി

പൊള്ളാച്ചി വാൽപ്പാറ വാഹനാപകടത്തിൽ മരിച്ച ഒൻപത് മലയാളികളുടെയും മൃതദേഹങ്ങൾ പോസ്റ്റ് മോർട്ടം പൂർത്തിയാക്കി ബന്ധുക്കൾക്ക് കൈമാറി. മലപ്പുറം പാങ്ങ് പള്ളിപ്പുറം സ്കൂളിലെ അധ്യാപകർ സഞ്ചരിച്ച വാഹനമാണ് ഇന്നലെ വൈകിട്ട് അഞ്ചരയോടെ അപകടത്തിൽപ്പെട്ടത്. വാൽപ്പാറ 13ാം വളവിൽ

നിയന്ത്രണം വിട്ട വാഹനം 600 അടിയോളം താഴ്ചയിൽ ഒമ്പതാം വളവിലെ റോഡിലേക്ക് പതിക്കുകയായിരുന്നു.

പാങ്ങ് പള്ളിപ്പറമ്പ് GLP സ്കൂളിലെ അധ്യാപകരും പാചക തൊഴിലാളിയും പാങ്ങ് GUP സ്കൂളിലെ അധ്യാപികയുമാണ് മരിച്ചത്.

മലപ്പുറത്ത് നിന്ന് M സുരേഷ് ബാബു.

....(വോയ്സ്)....

മൃതദേഹങ്ങൾ അല്പസമയത്തിനകം നാട്ടിലെത്തിക്കും. GLP സ്കൂൾ പ്രധാനാധ്യാപിക അജിത, അധ്യാപകരായ റംല, സുഹറ, മകൻ ഹിഷാം , ആശ, മജീദ്, മജീദിന്റെ ഭാര്യ റുഖിയ, സ്കൂളിലെ പാചകതൊഴിലാളി സാജിത, പാങ്ങ് GUPS ലെ അധ്യാപിക ഷക്കീല എന്നിവരാണ് മരിച്ചത്. നാലുപേർ ചികിത്സയിലാണ്.

✪✪✪

ഉപരാഷ്ട്രപതി CP രാധാകൃഷ്ണനും, പ്രധാനമന്ത്രി നരേന്ദ്രമോദിയും അപകടത്തിൽ ദുഃഖവും വേദനയും അറിയിച്ചു. ജീവൻ നഷ്ടമായവരുടെ കുടുംബങ്ങളെ ഇരുവരും ആശ്വസിപ്പിച്ചു. പരിക്കേറ്റവർ എത്രയും വേഗം സുഖം പ്രാപിക്കട്ടെയെന്നും അവർ സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

വാൽപ്പാറ ദുരന്തത്തിൽ ഒൻപത് പേർക്ക് ജീവൻ നഷ്ടപ്പെട്ട സംഭവം ഏറെ ദുഃഖകരമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. മരിച്ചവരുടെ കുടുംബങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ ഗവണ്മെന്റ് നൽകും. പരിക്കേറ്റവർക്ക് മികച്ച ചികിത്സ ഉറപ്പാക്കാൻ നിർദ്ദേശം നൽകിയതായും മുഖ്യമന്ത്രി അറിയിച്ചു. മന്ത്രി V ശിവൻകുട്ടിയും അപകടത്തിൽ അനുശോചിച്ചു. സംസ്ഥാന ഗവണ്മെന്റിന് ചെയ്യാവുന്നതെല്ലാം ചെയ്യുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

ലോക്സഭയിലും, നിയമസഭകളിലും മൂന്നിലൊന്ന് വനിതാസംവരണം നടപ്പാക്കാൻ കൊണ്ടുവന്ന ഭരണഘടനാ 31-ാം ഭേദഗതി ബിൽ ലോക്സഭയിൽ പരാജയപ്പെട്ടു. 298 MP മാർ ബില്ലിനെ അനുകൂലിച്ചപ്പോൾ, 230 പേർ എതിർത്ത് വോട്ട് ചെയ്തു. ഭരണഘടനാ ഭേദഗതിയ്ക്കാവശ്യമായ മൂന്നിൽ രണ്ട് ഭൂരിപക്ഷം നേടാൻ കഴിയാത്തതോടെയാണ് ബിൽ പരാജയപ്പെട്ടത്.

ഭരണഘടനാ ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട മണ്ഡല പുനർനിർണയ ബില്ലും, കേന്ദ്ര ഭരണ പ്രദേശ നിയമ ഭേദഗതി ബില്ലും സഭയുടെ പരിഗണനയ്ക്ക് കൊണ്ടുവരില്ലെന്ന് തുടർന്ന് പാർലമെന്ററികാര്യമന്ത്രി കിരൺ റിജിജു അറിയിച്ചു. വനിതകൾക്ക് അർഹമായ സംവരണം ലഭ്യമാക്കാൻ കിട്ടിയ അവസരം പ്രതിപക്ഷം പാഴാക്കിയതായും റിജിജു കുറ്റപ്പെടുത്തി. ലോക്സഭ രാവിലെ 11-ന് വീണ്ടും സമ്മേളിക്കും.

നേരത്തെ ബിൽചർച്ചയിൽ പങ്കെടുത്ത പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധി, നാരീശക്തിവന്ദൻ അധിനിയം വനിതാസംവരണ ബിൽ അല്ലെന്നും, സ്ത്രീശാക്തീകരണത്തിന് അതൊരിക്കലും പ്രയോജനപ്പെടില്ലെന്നും വിലയിരുത്തി. മണ്ഡല പുനർ നിർണയത്തിലൂടെ തിരഞ്ഞെടുപ്പ് ഭൂപടം മാറ്റാനാണ് ഗവണ്മെന്റ് ശ്രമിക്കുന്നതെന്ന് രാഹുൽഗാന്ധി കുറ്റപ്പെടുത്തി.

✪✪✪

വനിതാ സംവരണ ബില്ലിൽ കോൺഗ്രസും, CPIM ഉം അടങ്ങുന്ന ഇൻഡി സഖ്യം രാജ്യത്തെ സ്ത്രീകളോട് ചരിത്രപരമായ വഞ്ചനയാണ് കാണിച്ചതെന്ന് BJP സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ കുറ്റപ്പെടുത്തി. നാരിശക്തിവന്ദൻ അധിനിയത്തിനെതിരെ വോട്ട് ചെയ്ത കോൺഗ്രസും CPIM ഉം മാപ്പ് അർഹിക്കാത്ത നീതികേടാണ് ചെയ്തതെന്നും അദ്ദേഹം പറഞ്ഞു.

ബില്ലിനെ എതിർത്ത ഇൻഡി സഖ്യം നേതാക്കളുടെ പ്രസംഗങ്ങളും, പ്രസ്താവനകളും വനിതാ സംവരണത്തോടും, സ്ത്രീകളോടും അവർ പുലർത്തുന്ന വിഷലിപ്തമായ നിലപാട് വ്യക്തമാക്കുന്നതാണെന്നും ചന്ദ്രശേഖർ വിലയിരുത്തി. ഇൻഡി സഖ്യത്തിന് രാജ്യത്തെ സ്ത്രീസമൂഹം ഒരിക്കലും മാപ്പ് നൽകില്ലെന്നും സംസ്ഥാന പ്രസിഡണ്ട് പറഞ്ഞു.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി തമിഴ് നാട്ടിലും പശ്ചിമ ബംഗാളിലും പ്രചാരണം ശക്തമായി. തമിഴ്നാട്ടിൽ ഈ മാസം 23 നും, പശ്ചിമ ബംഗാളിൽ 23 നും 29 നും രണ്ടു ഘട്ടങ്ങളിലുമാണ് വോട്ടെടുപ്പ് .

✪✪✪

ഹോർമുസ് കടലിടുക്ക് വഴി കപ്പൽ ഗതാഗതം സുഗമമാക്കുന്നതിന് UKയ്ക്കും, ഫ്രാൻസിനുമൊപ്പം സഹകരിക്കാൻ ഇന്ത്യയെ ക്ഷണിച്ചതായി

വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ലോകത്തെ ഏറ്റവും വലിയ ഇന്ധന വിനിമയ ഇടനാഴിയിൽ കപ്പൽ ഗതാഗതം സുരക്ഷിതമാക്കുന്നതിന്റെ ഭാഗമായാണ് നടപടിയെന്ന് മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ ഡൽഹിയിൽ അറിയിച്ചു.

✪✪✪

സമ്പുഷ്ടീകരിച്ച യുറേനിയം അമേരിക്കയ്ക്ക് കൈമാറാമെന്ന് ഇറാൻ സമ്മതിച്ചെന്ന US പ്രസിഡണ്ട് ഡൊണാൾഡ് ട്രംപിന്റെ അവകാശവാദം ഇറാൻ തള്ളി. ഒരു കാരണവശാലും ഇത്തരമൊരു നീക്കമുണ്ടാകില്ലെന്ന് ഇറാൻ വിദേശകാര്യവക്താവ് ഇസ്മായിൽ ബാഘേയി വ്യക്തമാക്കി.

ഹോർമൂസ് കടലിടുക്കിന് സമീപം US സൈന്യത്തിന്റെ നാവിക ഉപരോധം തുടരുമെന്ന് അമേരിക്ക വ്യക്തമാക്കിയതോടെ സമാധാനശ്രമങ്ങൾ വീണ്ടും വെല്ലുവിളി നേരിടുകയാണ്. US ഉപരോധം തുടർന്നാൽ അതേ നാണയത്തിൽ പ്രതികരിക്കുമെന്ന് ബാഘേയി മുന്നറിയിപ്പ് നൽകി.

ലെബനനിൽ പത്ത് ദിവസത്തെ വെടിനിർത്തൽ പ്രഖ്യാപിച്ചതിനിടയിലും ഇസ്രായേൽ നടത്തിയ ആക്രമണത്തിൽ ഒരാൾ മരിക്കുകയും മൂന്ന് പേർക്ക് പരിക്കേൽക്കുകയും ചെയ്തതായി ലെബനൻ ആരോഗ്യമന്ത്രാലയം അറിയിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കീ ബാത്തിലേക്ക് ഈ മാസം 24 വരെ ജനങ്ങൾക്ക് അഭിപ്രായങ്ങൾ പങ്കുവയ്ക്കാം.

ടോൾ ഫ്രീ നമ്പറിലൂടെയോ നരേന്ദ്ര മോദി ആപ്പിലൂടെയോ MYGOV ഓപ്പൺ ഫോറം വഴിയോ നിർദേശങ്ങൾ നൽകാം. മൻ കീ ബാത്തിന്റെ 133-ാം പതിപ്പ് ഈ മാസം 26-ന് ആകാശവാണിയിലും, ദൂരദർശനിലും ലഭ്യമാകും.

✪✪✪

റേഷൻ ഗുണഭോക്താക്കൾക്ക് കൃത്യമായ ദ്വൈമാസ വിഹിതം ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ പരിശോധനകൾ കർശനമാക്കുമെന്ന് സിവിൽ സപ്ലൈസ് വകുപ്പ് അറിയിച്ചു. ഇതിനായി പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കും. ഏപ്രിൽ, മെയ് മാസങ്ങളിലെ റേഷൻ വിതരണം സുഗമമായി പുരോഗമിക്കുന്നുണ്ട്. സംസ്ഥാനത്തെ 12

ഭക്ഷ്യസുരക്ഷാ അതോറിറ്റി ഡിപ്പോകളിൽ വാർഷിക കണക്കെടുപ്പുമായി ബന്ധപ്പെട്ടുണ്ടായ സാങ്കേതിക - അക്കൗണ്ടിംഗ് പ്രശ്നങ്ങൾ പരിഹരിച്ച് വാതിൽപ്പടി റേഷൻ വിതരണം പുനഃരാരംഭിച്ചു.

ഇടുക്കി ഇടമലക്കുടി ഗിരിജൻ സർവീസ് സഹകരണ സംഘം, റേഷൻ സാധനങ്ങൾ തിരിമറി ചെയ്തെന്ന പരാതിയിൽ അന്വേഷണം തുടരുകയാണ്. സംഘം സെക്രട്ടറിയടക്കം ഉത്തരവാദികൾക്കെതിരെ കർശന നിയമനടപടിയെടുക്കുമെന്നും അധികൃതർ അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് ചിലയിടങ്ങളിൽ ഈ മാസം 20,21 തീയതികളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. ഇടിമിന്നൽ സാധ്യത മനസ്സിലാക്കാൻ കേന്ദ്ര കാലാവസ്ഥ വകുപ്പ് തയ്യാറാക്കിയിട്ടുള്ള 'ദാമിനി' മൊബൈൽ ആപ്പ് ഉപയോഗിക്കാവുന്നതാണ്.

✪✪✪

സംസ്ഥാനത്ത് ചിലയിടങ്ങളിൽ ഈ മാസം 20,21 തീയതികളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. ഇടിമിന്നൽ സാധ്യത മനസ്സിലാക്കാൻ കേന്ദ്ര കാലാവസ്ഥ വകുപ്പ് തയ്യാറാക്കിയിട്ടുള്ള 'ദാമിനി' മൊബൈൽ ആപ്പ് ഉപയോഗിക്കാവുന്നതാണ്.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് കേരളാ ബ്ലാസ്റ്റേഴ്സ് FC ജംഷഡ്പൂർ FC യെ നേരിടും.വൈകിട്ട് അഞ്ചിന് കൊച്ചിയിലാണ് മത്സരം.

വൈകിട്ട് ഏഴരയ്ക്ക് ഗോവയിൽ മറ്റൊരു മത്സരത്തിൽ മുംബൈ സിറ്റി FC , FC ഗോവയെ നേരിടും.

ഇന്നലെ ഭുവനേശ്വറിൽ ഒഡീഷ ഫുട്ബോൾ ക്ലബ്ബ്, മുഹമ്മദൻ സ്പോർട്ടിംഗ് മത്സരം 1-1 ന് സമനിലയിൽ പിരിഞ്ഞു.

✪✪✪

IPL ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ അഹമ്മദാബാദിൽ അഞ്ച് വിക്കറ്റിന് പരാജയപ്പെടുത്തി.

ഇന്ന് റോയൽ ചലഞ്ചേഴ്സ് ബംഗളുരു ഡൽഹി കാപ്പിറ്റൽസിനെ നേരിടും. ഉച്ചകഴിഞ്ഞ് മൂന്നരക്ക് ബംഗളുരു ചിന്നസാമി സ്റ്റേഡിയത്തിലാണ് മത്സരം.

ഹൈദരാബാദിൽ മറ്റൊരു മത്സരത്തിൽ രാത്രി ഏഴരക്ക് സൺറൈസേഴ്സ് ഹൈദരാബാദ് ചെന്നൈ സൂപ്പർ കിംഗ്സിനെ നേരിടും.

✪✪✪

ഇന്ത്യ - ദക്ഷിണാഫ്രിക്ക വനിത ട്വന്റി - 20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ദക്ഷിണാഫ്രിക്ക ഇന്ത്യയെ 6 വിക്കറ്റിന് പരാജയപ്പെടുത്തി. ഡർബനിൽ ഇന്ത്യ ഉയർത്തിയ 158 റൺസ് വിജയലക്ഷ്യം ദക്ഷിണാഫ്രിക്ക അവസാന ഓവറിൽ മറികടന്നു. നാളെയാണ് പരമ്പരയിലെ അടുത്ത മത്സരം.

✪✪✪

കണ്ണൂർ മാവിലാക്കാവിലെ പ്രസിദ്ധമായ അടി ഉത്സവം ഇന്ന്. മാവിലായി നിലാഞ്ചിറ വയലിൽ വൈകിട്ടാണ് അടി ഉത്സവം.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.

......VOICE............

✪✪✪

കോഴിക്കോട്ടെ ചരിത്ര പ്രസിദ്ധമായ കുറ്റിച്ചിറ മിശ്കാൽ പള്ളിയിലെ 23 -ാം മുഖ്യഖാസിയായി മുഹമ്മദ് കോയ ജമലുല്ലൈലി സ്ഥാനമേറ്റു. പള്ളി അങ്കണത്തിൽ സംഘടിപ്പിച്ച ചടങ്ങ് മുസ്ലീം ലീഗ് സംസ്ഥാന പ്രസിഡണ്ട് പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്തു.

✪✪✪

കോഴിക്കോട്ട് സംഘടിപ്പിക്കുന്ന അതിരാത്ര യാഗത്തിന് അഗ്നിഹോത്രത്തോടെ തിരി തെളിഞ്ഞു. മുൻ കേന്ദ്ര മന്ത്രി ഡോ. സത്യപാൽ സിംഗ് ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. വ്യവസായ പ്രമുഖൻ മഹാശയ് രാജീവ് ഗുലാട്ടി അതിരാത്ര ചടങ്ങുകൾ ഉദ്ഘാടനം ചെയ്തു. ഈ മാസം 26 വരെ കക്കോടി വേദ മഹാമന്ദിരത്തിലാണ് അതിരാത്രം നടത്തുന്നത്.

✪✪✪

കണ്ണൂർ അഞ്ചരക്കണ്ടി ഡെന്റൽ കോളേജ് BDS വിദ്യാർഥി നിതിൻ രാജിന്റെ മരണവുമായി ബന്ധപ്പെട്ട് ആരോഗ്യ സർവകലാ ശാല നിയോഗിച്ച സമിതിയുടെ തെളിവെടുപ്പ് പൂർത്തിയായി. ചാൻസലർ കൂടിയായ ഗവർണർ രാജേന്ദ്ര ആർലേക്കറുടെ നിർദേശപ്രകാരം സർവ്വകലാശാല രൂപം നൽകിയ മൂന്നംഗ സമിതിയാണ് തെളിവെടുപ്പിനായി എത്തിയത്.

✪✪✪

കൊട്ടിയൂർ വൈശാഖോത്സവത്തിന്റെ നടത്തിപ്പിന് വിവിധ വകുപ്പുകൾ ഏകോപിച്ചു പ്രവർത്തിക്കണമെന്ന് കണ്ണൂർ ജില്ലാ കലക്ടർ അരുൺ.K വിജയൻ നിർദ്ദേശം നൽകി. ഭക്തജനങ്ങൾക്ക് മതിയായ സുരക്ഷ ഒരുക്കാൻ കൂടുതൽ പൊലീസിനെയും, ഫയർ ഫോഴ്സ്, സ്കൂബാ ടീമിനെയും വിന്യസിക്കാൻ കലക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിച്ചു.

✪✪✪

ശബരിമലയിൽ മേട, വിഷു പൂജകൾക്ക് ശേഷം രാത്രി 10 ന് നട അടയ്ക്കും. ഇടവമാസ പൂജയ്ക്കായി അടുത്ത മാസം 14 ന് വീണ്ടും നട തുറക്കും.

✪✪✪

---

*News Reader & News Editor : അനിൽ ചന്ദ്രൻ*
*News Team: മണികണ്ഠൻ, രജിന കെ*
*DEO : ഷീബ*